കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

# നെല്ലനാട് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10.459/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

തീയതി 29.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10.459/2020 തീയതി 29.05.2020

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.11.2018 മുതൽ 09.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 20.03.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സ്വപ്ന.ആർ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ.എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനുകുമാർ.പി.കെ. | ഓഡിറ്റർ |
| ശ്രീ. ശ്യാംകുമാർ.എസ്.ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സുജിത്.എസ്.കുറുപ്പ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ജ്യോതിസ്.വി. | 01.04.2018 മുതൽ<br>07.10.2018 വരെ |
| | ശ്രീ. ചന്ദ്രബാബു.എസ്.എസ്. | 08.10.2018 മുതൽ<br>31.03.2019 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സജ്ജുകുമാർ.വി.എസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രാധാമണി.കെ.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | ഡോ. സജികുമാർ.പി.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സ്മിത.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ആർ.അനിൽകുമാർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. മഞ്ജേഷ്.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ.അഹോഷ്.എസ്.ദർശൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ആമിന.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ആതിര.പി. | 01.04.2018 മുതൽ<br>31.03.2019 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് – പൂവണത്തുംമൂട് | ശ്രീമതി നിർമലദേവി.എസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ദീപ്തി.ബി.എൻ. | 01.04.2018 മുതൽ<br>31.03.2019 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി ഈടാക്കുന്നതിലും പെർമിറ്റ് നൽകുന്നതിലുമുള്ള അപാകതകൾ | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ വാടക - കുടിശ്ശിക പിരിച്ചെടുത്തില്ല | 1-14 |
| 15 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-15 |
| 16 | ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിൽ വീഴ്ച | 1-16 |
| 17 | ഗ്രാമപഞ്ചായത്ത് ലൈബ്രറി - പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-17 |
| 18 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-18 |
| 19 | അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി എസ്.എൽ.ഐ ഒടുക്കുന്നില്ല | 1-19 |
| 20 | ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല | 1-20 |
| 21 | പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ട്രാക്ടർ സർക്കാർ ഉത്തരവിന് വിധേയമായി ലേലം ചെയ്യേണ്ടതാണ് | 1-21 |
| 22 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ | 1-22 |
| 23 | ഇടവിള കൃഷിക്കുള്ള കിഴങ്ങ് വർഗ കിറ്റ് - പ്രോജക്ട് നിർവ്വഹണത്തിൽ അപാകം | 1-23 |
| 24 | ABC പ്രോഗ്രാം - നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച രേഖകളുടെ അഭാവം | 1-24 |
| 25 | വ്യാപകമായി എസ്റ്റിമേറ്റ് പുതുക്കുന്നു | 1-25 |
| 26 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുന്നില്ല | 1-26 |
| 27 | മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ നിലവിലില്ല | 1-27 |
| 28 | പാടശേഖരത്തിന് വേണ്ടി 16.17 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ജലസേചന പദ്ധതി പ്രവർത്തനരഹിതം | 1-28 |

| | | |
|---|---|---|
| 29 | MGNREGS ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കണം | 1-29 |
| 30 | ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ആനുകൂല്യങ്ങൾ നല്കി | 1-30 |
| 31 | ആശ്രയ പദ്ധതി - തുക പിൻവലിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല | 1-31 |
| 32 | ലൈഫ് ഭവന നിർമാണം- പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കേണ്ടതാണ് | 1-32 |
| 33 | കിണർ റിചാർജിംഗ്- ആവശ്യകതാ നിർണയം നടത്താതെ പദ്ധതി ആവിഷ്കരിച്ചു | 1-33 |
| 34 | ജാഗ്രതാ സമിതി പ്രവർത്തനം ഊർജിതമല്ല | 1-34 |
| 35 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം -മോണിറ്ററിംഗ് അനിവാര്യം | 1-35 |
| 36 | ഗെയിം ഫെസ്റ്റ് - രേഖകളുടെ അഭാവത്തിൽ 99650 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 37 | ഭൂമി വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-37 |
| 38 | പാലിയേറ്റീവ് പ്രവർത്തനങ്ങൾ - മാർഗരേഖ പാലിക്കുന്നില്ല | 1-38 |
| 39 | ഹോംകോയ്ക്ക് നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല | 1-39 |
| 40 | കായിക പരിശീലനം- പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു | 1-40 |
| 41 | എസ്. എസ്. എ. പ്രോജക്ട് വിലയിരുത്തൽ നടത്തിയിട്ടില്ല | 1-41 |
| 42 | വെഞ്ഞാറമൂട് യു.പി.എസിന് 3 ഫേസ് വൈദ്യുതി കണക്ഷൻ - സർക്കാർ ഉത്തരവും പ്രോജക്ട് ലക്ഷ്യവും വ്യതിചലിച്ച് ചെലവ് ചെയ്തു | 1-42 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 43 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 44 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 45 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 47 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 48 | സ്ഥിര നിക്ഷേപം | 4-6 |
| 49 | ഓഡിറ്റ് റിക്കവറി | 4-7 |
| | | |

| | | |
|---|---|---|
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 51 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2018 ൽ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. ഭരണസമിതിയുടെ 16.03.2019ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32076246 |
| വരവ് | 118653782 |
| ആകെ | 150730028 |
| ചെലവ് | 106473475 |
| നീക്കിയിരിപ്പ് | 44256553 |

## 1-4 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17607725 | 17607725 | 17607725 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5314606 | 5314606 | 5314606 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6408324 | 6408324 | 6408324 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 20470363 | 20470363 | 20470363 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 2731676 | 2731676 | 2731676 | 0 |
| ജനറൽ പർപ്പസ് ഫണ്ട് & ട്രഷറി തനത് | -74389 | 19168054 | 19093665 | 18425004 | 668661 |
| എസ്.ബി.ഐ. ഇ -പേയ്മെന്റ് | 52516 | 244144 | 296660 | 200226 | 96434 |
| സഹകരണ ബാങ്ക്- ദുരിതാശ്വാസ നിധി | 8037 | 0 | 8037 | 2000 | 6037 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 17986 | 561220 | 579206 | 551251 | 27955 |
| ലൈഫ് കേരള ഗ്രാമീൺ ബാങ്ക് | 0 | 13895700 | 13895700 | 13880273 | 15427 |
| എസ്.എസ്.എ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 611871 | 21699 | 633570 | 0 | 633570 |
| സാക്ഷരത എസ്.ബി.ഐ. | 30154 | 1069 | 31223 | 0 | 31223 |
| സംയുക്ത പ്രോജക്ട്-ട്രഷറി | -257353 | 4562535 | 4305182 | 2334807 | 1970375 |
| തനത് ഫണ്ട് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 31264774 | 26458830 | 57723604 | 17542810 | 40180794 |
| ക്യാഷ് | 422650 | 626077 | 1048727 | 422650 | 626077 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 164487455 | 143 | 82288239 | - | 62 | 71 |

എ) പ്രോജക്ട് നിർവ്വഹണം - ആശാവഹമല്ല.

1) 2018-19 സാമ്പത്തിക വർഷം 205 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 62 പ്രോജക്ടുകൾ നടപ്പാക്കിയില്ല. അവയിൽ സ്പിൽ ഓവർ പ്രോജക്ടുകളുമുണ്ട്. ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-3-2017 പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചുവടെപ്പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 132/19 | സമ്പൂർണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം നൽകൽ | സെക്രട്ടറി |
| 2 | 159/19 | മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 | 175/19 | എയ്റോബിക് കമ്പോസ്റ്റ് വേസ്റ്റ് ബിൻ സ്ഥാപിക്കൽ (തുമ്പൂർ മൂഴി മോഡൽ) | അസിസ്റ്റന്റ് എഞ്ചിനീയർ |

ക്രമ നമ്പർ 2, 3 പ്രോജക്ടുകൾ സ്ഥലം ലഭ്യമാക്കാത്തിനാലാണ് നടപ്പാക്കാഞ്ഞതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 07/13.03.2020ന്റെ മറുപടി).

2) സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ പ്രോജക്ടുകളിൽ നടപ്പാക്കിയവയുടെ എണ്ണം ചുവടെ ചേർക്കുംപ്രകാരമാണ്.

| നിർവ്വഹണ | അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ | നടപ്പാക്കിയവയുടെ | ശതമാനം |
|---|---|---|---|

| ഉദ്യോഗസ്ഥൻ | എണ്ണം | എണ്ണം | |
|---|---|---|---|
| സെക്രട്ടറി | 26 | 15 | 58 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 118 | 73 | 62 |

3) വകയിരുത്തിയ ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| i | വികസനഫണ്ട് (ജനറൽ) | 21643803 | 17643898 | 82 |
| ii | വികസനഫണ്ട് (SCP) | 10169000 | 5314606 | 52 |
| iii | വികസനഫണ്ട് (TSP) | 124000 | 0 | 0 |
| iv | ധനകാര്യകമ്മീഷൻ അവാർഡ് | 10894259 | 6408324 | 59 |
| v | കേന്ദ്രാവിഷ്കൃത ഫണ്ട് | 1704000 | 403247 | 24 |
| vi | സംസ്ഥാനാവിഷ്കൃത ഫണ്ട് | 709230 | 0 | 0 |
| vii | തനത് ഫണ്ട് | 23861018 | 10555318 | 44 |
| viii | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5995490 | 2373104 | 40 |
| ix | ജില്ല പഞ്ചായത്ത് വിഹിതം | 2868560 | 2492003 | 87 |
| x | മെയിന്റനൻസ് ഫണ്ട് - റോഡ് | 36642388 | 20470363 | 56 |
| xi | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 4376810 | 2731676 | 62 |
| xii | മറ്റുള്ളവ | 45498897 | 13895700 | 31 |
| | ആകെ | 164487455 | 82288239 | 50 |

വകയിരുത്തിയ ഫണ്ട് പൂർണമായും ചെലവഴിച്ചിട്ടില്ല.

4) മേഖല തിരിച്ചുള്ള ഫണ്ട് വകയിരുത്തലിന്റെയും ചെലവഴിക്കലിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | മേഖല | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ജനറൽ | ഉല്പാദനം | 14846312 | 7360740 | 49.5 |
| | സേവനം | 63913260 | 31903223 | 49.9 |
| | പശ്ചാത്തലം | 65397483 | 34826270 | 53 |
| പട്ടികജാതി വിഭാഗം | ഉല്പാദനം | 1406000 | 552000 | 39 |
| | സേവനം | 15936750 | 7450069 | 46.7 |
| | പശ്ചാത്തലം | 2863650 | 195937 | 68 |
| പട്ടികവർഗ വിഭാഗം | സേവനം | 124000 | 0 | 0 |

സേവന - പശ്ചാത്തല മേഖലകൾക്ക് യഥാക്രമം 79850010/-, 68385133/- രൂപ വകയിരുത്തിയപ്പോൾ ഉല്പാദന മേഖലയ്ക്ക് 16252312/- രൂപയാണ് വകയിരുത്തിയത്. ഉല്പാദന മേഖലയിലെ ഫണ്ട് വിനിയോഗവും കുറവാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാർഷിക മേഖലയിലും മൃഗസംരക്ഷണ - ക്ഷീരവികസന മേഖലകളിലും അതീവ ഗുരുതര വിഷയങ്ങൾ നിലവിലുള്ളപ്പോൾ ഉല്പാദന മേഖലയേക്കാൾ സേവന - പശ്ചാത്തല മേഖലകൾക്ക് പ്രാധാന്യം നൽകി.

<u>ബി) പദ്ധതി രൂപീകരണത്തിൽ ജാഗ്രതയില്ല.</u>

ഗ്രാമ പഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ, സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018-ാം നമ്പർ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല.

| ഉത്തരവ് പ്രകാരം | പഞ്ചായത്തിന്റെ നടപടി |
|---|---|
| തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതാണ്. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നൽകുക എന്നത് പ്രധാന ചുമതലകളിൽപ്പെടുന്നു. | 2018-19 വാർഷിക പദ്ധതിക്കായുള്ള ആസൂത്രണ സമിതി 08.01.2018, 08.03.2018 എന്നീ തീയതികളിൽ മാത്രമാണ് യോഗം കൂടിയത്. ആദ്യ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് കരട് തയ്യാറാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട ലഘുലേഖ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. രണ്ടാം യോഗത്തിൽ മേഖല തിരിച്ച് പദ്ധതിയുടെ ചർച്ച ചെയ്തു. രണ്ട് യോഗങ്ങളിലും 7പേർ വീതമാണ് പങ്കെടുത്തിട്ടുള്ളത്. |

വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 34 / 19.03.2019) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി രൂപീകരണത്തിൽ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17986 | 522220 | 540206 | 512251 | 27955 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 29610000 | 29610000 | 29610000 | 0 |
| ആകെ | 17986 | 30132220 | 30150206 | 30122251 | 27955 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 581760 | 296 |
| കർഷകതൊഴിലാളി പെൻഷൻ | 4568000 | 391 |
| വിധവാ പെൻഷൻ | 18607400 | 1517 |
| വാർദ്ധക്യകാലപെൻഷൻ * | 30806800 | 2519 |
| വികലാംഗ പെൻഷൻ | 4537200 | 360 |
| വിവാഹധനസഹായം* | 30000 | 1 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 685600 | 54 |

*ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2020, 10.15 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22390/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1) രസീതുകളുടെ പരിപാലനവും വിതരണവും.

രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i) ശ്രീമതി അനിത കുമാരി, സീനിയർ ക്ലർക്കിന് 29.01.2019, 13.05.2019 എന്നീ തീയതികളിൽ വിതരണം ചെയ്ത 21813, 21821 എന്നീ രസീതുബുക്കുകളുടെ ആദ്യ രണ്ട് രസീതുകൾ വീതം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആദ്യ രസീത് ബുക്ക് ക്യാൻസൽ ചെയ്യാതെയും രണ്ടാമത്തെ രസീത് ബുക്ക് പിരിവിനായി ഉപയോഗിക്കാതെയും സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി.

ii) രസീത് നമ്പർ 18/22759 തീയതി 29.01.2019 പ്രകാരം മാനേജിംഗ് ഡയറക്ടർ, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്ന് വസ്തു നികുതിയിനത്തിൽ 15819 രൂപ കളക്ട് ചെയ്തിട്ടുണ്ട് (സതീത് ബുക്ക് ഇഷ്യൂ ചെയ്തത് ശ്രീ. ഹരിപ്രസാദ്, ക്ലർക്കിന്റെ പേരിലാണ്) . എന്നാൽ അതേ തീയതിയിൽ രസീത് നമ്പർ 02/ 21813 പ്രകാരം ഹരിപ്രസാദിന്റെ പേരിൽ 15819 രൂപയുടെ രസീത് എഴുതിയിരിക്കുന്നു. ഒരേ വരവിന് രണ്ട് രസീത് എഴുതിയത് മേൽനോട്ട ചുമതലയുടെ അഭാവത്തിന് ഉദാഹരണമാണ്. അറിവില്ലായ്മ കാരണം ഇരട്ടിപ്പായി രസീത് എഴുതിയതെന്നാണ് വിശദീകരണം (എൻക്വയറി നമ്പർ 32/18.03.2020ന്റെ മറുപടി).

2) പഞ്ചായത്തിന്റെ അധീനതയിലുള്ള എച്ച്.എം.സികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/10.03.2020) മറുപടിയായി ആയുർവേദം, ഹോമിയോ ഡിസ്പെൻസറികളിൽ എച്ച്.എം.സി. പുനസംഘടിപ്പിച്ചില്ലായെന്ന തെറ്റായ വിവരമാണ് ലഭ്യമാക്കിയത്. (ഇത് ഓഡിറ്റ് പ്രൊഫോമയിലും ആവശ്യപ്പെട്ടിരുന്ന വിവരമാണ്). എച്ച്.എം.സി പുനസംഘടിപ്പിച്ചിട്ടുണ്ടെന്നും യോഗം കൂടാറുണ്ടെന്നും ആയുർവേദ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

3) സെക്രട്ടറി നിർവ്വഹണ നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതമായും അപൂർണമായുമാണ് ലഭ്യമാക്കിയത്. ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഫയൽ ക്രമപ്പെടുത്തിയും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയും ലഭ്യമാക്കാൻ സെക്ഷന് കഴിഞ്ഞില്ല. ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ18 /16.03.20) രേഖകളും വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന മറുപടി 20.03.2020(ഓഡിറ്റിന്റെ അവസാന ദിവസം) ഉച്ചയ്ക്ക് ശേഷമാണ് ലഭ്യമാക്കിയത്.

4) അസിസ്റ്റന്റ് എഞ്ചിനീയർ ഫയൽ സൂക്ഷിപ്പിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. സ്ഥലം കൈമാറി നൽകിയ തീയതി രേഖപ്പെടുത്താതിരിക്കുന്നതും എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന്റെ വിശദാംശം സൂക്ഷിക്കാത്തതും (ഉദാ:- പ്രവൃത്തി നമ്പർ 160/19, 172/19, 167/19) ഇതിന് ഉദാഹരണങ്ങളാണ്.

5) തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ.

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം

നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് വരവുകൾ സെൻട്രൽ ബാങ്കിലും (നമ്പർ1753422655) ബാങ്ക് ഓഫ് ബറോഡയിലുമായി (നമ്പർ 41580100006793) രണ്ട് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്. ഇതു കൂടാതെ ഇ-പേയ്മെന്റിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട് (നമ്പർ 37282692563). (ഓഡിറ്റ് എൻക്വയറി നമ്പർ 35/1903.2020). സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

6) നെല്ലനാട് പാടശേഖരത്തിലെ ജലസേചന പദ്ധതിയും NREGS ബിൽഡിംഗ് മെറ്റീരിയൽ നിർമാണ യൂണിറ്റും പ്രവർത്തനരഹിതമായിരിക്കുന്നത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന വിഷയമാണ്.

7) മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൃത്യമായ സ്ഥലപരിശോധനയുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

8) ഫലപ്രദമായ രീതിയിൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടക്കുന്നില്ല. ABCപ്രോഗ്രാം, ആശ്രയ, ലൈഫ്, അംഗനവാടി പോഷകാഹാര വിതരണം, എസ്.എസ്.എ. എന്നിവ ഇതിനുദാഹരണങ്ങളാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2019 | 01.08.2019മുതൽ 31.10.2019 വരെ | 03.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.05.2014 | 2009-10 മുതൽ 2013-14 വരെ | 08.07.2014 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ.

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം/ജി.പി. 10/1459/2019തീയതി 26.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>മറ്റ് അപാകതകൾ</u>

എ) 2018-19 സാമ്പത്തിക വർഷം ബിൽ നമ്പർ 09/05.09.2018പ്രകാരം റൈനു.എസ്, കാർത്തിക മൈലക്കുഴി എന്ന ഗുണഭോക്താവിന് വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമായി 30000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ബി) സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിംഗിൽ ചുവടെ ചേർക്കും പ്രകാരമുള്ള വ്യത്യാസമുണ്ട്.

| | 17-18 B4 പ്രകാരം നീക്കിയിരിപ്പ് | 18-19 RP 31 പ്രകാരം വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | ബാക്കി | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 2583503 | 2583503 | 2492003 | 91500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1963375 | 2380604 | 4343979 | 2373104 | 1970875 | 1963375 |

ജൈവസമൃദ്ധി പ്രോജക്ടിനായി ലഭിച്ച 7500രൂപ വീതമുള്ള ജില്ല - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെയും ഹരിത ഭവനം പ്രോജക്ടിനായി ജില്ലപഞ്ചായത്ത് വിഹിതമായി ലഭിച്ച 84000/- രൂപയുടെയും ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സി) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ അക്കൗണ്ട് ചെയ്തതിൽ വ്യത്യാസമുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ | 275000 | 275000 | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് ഷിഫ്റ്റിംഗ് | 33596 | 0 | 33596 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയും പ്രകാരമാണ്.

| ഏജൻസി | കേരള വാട്ടർ അതോറിറ്റി | കേരള ഇലക്ട്രിസിറ്റി ബോർഡ് |
|---|---|---|
| 17-18 B-18 പ്രകാരംനീക്കിയിരിപ്പ് | 4300000 | 0 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 275000 | 33596 |
| ആകെ | 4575000 | 33596 |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 4300000 | 0 |

വാട്ടർ കണക്ഷനായി നല്കിയ 275000/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് 15.09.2019-ലാണ് ലഭ്യമായത്. പോസ്റ്റ് ഷിഫ്റ്റിംഗിനായി നല്കിയതുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുമില്ല . 18-19 സാമ്പത്തിക വർഷം വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത തുക B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചില്ല.

# 1-12 വസ്തു നികുതി ഈടാക്കുന്നതിലും പെർമിറ്റ് നൽകുന്നതിലുമുള്ള അപാകതകൾ.

എ) വസ്തു നികുതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

1. വസ്തു നികുതിയുമായി ബന്ധപ്പെട്ട 2, 6 ഫോറങ്ങൾ.

2. 2018-19 വർഷം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ , അവ ഒഴിവാക്കി കൊണ്ടുള്ള കമ്മിറ്റി തീരുമാനം , പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ.

3.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, അവയുമായി ബന്ധപ്പെട്ട രജിസ്റ്റർ.

4. വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച വിവരങ്ങളും ആയതിന്റെ അപേക്ഷകളും.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/11.3.20) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) മിസ്സിംഗ് ബിൽഡിംഗ്- വസ്തു നികുതി ഈടാക്കാൻ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ ഓരോ വാർഡിലും 'മിസിംഗ് ബിൽഡിംഗ് ' ആയി ആകെ 790 കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മിസിംഗ് ബിൽഡിംഗുകളുടെ എണ്ണം |
|---|---|
| 1 | 6 |
| 2 | 2 |
| 3 | 395 |
| 4 | 5 |
| 5 | 66 |
| 6 | 15 |
| 7 | 191 |
| 8 | 2 |
| 9 | 1 |
| 10 | 15 |
| 11 | 4 |
| 12 | 11 |
| 13 | 50 |
| 14 | 6 |
| 15 | 9 |
| 16 | 12 |

കെട്ടിടങ്ങൾ മിസ്സിംഗ് ബിൽഡിംഗുകളുടെ ഗണത്തിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം, അവയ്ക്ക് നികുതി നിർണയിച്ച് ഈടാക്കാത്തതിനുള്ള കാരണം,കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ,മിസ്സിംഗ് ബിൽഡിംഗുകളുടെ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/17.03.2020) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതിയിനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് നഷ്ടമാകുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) <u>പെർമിറ്റ് പരിശോധന</u>

(പെർമിറ്റ് നമ്പർ A4/TBA/55976/2017, 21-10-2017

ഫയൽ നമ്പർ A4/7525/2017)

ശ്രീമതി സുമതി, ലക്ഷ്മി വിലാസത്തിൽ വീട്, തണ്ണ്യാംപൊയ്ക എന്ന വ്യക്തിക്ക് 1365.13 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള 3 നില കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണാനുമതിയിൽ 61.93$m^2$ പ്ലാനിൽ നിന്ന് വ്യതിചലിച്ച് വാണിജ്യമേഖലയാക്കി മാറ്റിയിരിക്കുന്നു. സ്ഥലപരിശോധന നടത്തിയപ്പോൾ(19.03.2020) ഈ സ്ഥലത്ത് നന്ദനം സൂപ്പർ മാർക്കറ്റ്, Hy- style ladies and kids stitching center എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. പെർമിറ്റ് ഇനത്തിൽ 61.93$m^2$ ഒഴിവാക്കിയിരിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിലും വസ്തു നികുതിയിൽ നിന്ന് ഈ ഭാഗം ഒഴിവാക്കിയതായി കാണുന്നു. ഇതിന് വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ42/20.03.2020). 2019-20 വർഷത്തെ ഓഡിറ്റിൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

# 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2018-19 വർഷം ചുവടെപ്പറയുന്ന കരാറുകാർ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട് (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 02/10.03.2020ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി).

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ആർ. സഹദേവൻ |
| 2 | പി. രത്നാകരൻ |
| 3 | അനി.സി.ബി. |
| 4 | ശാന്തമ്മ.എസ്. |
| 5 | വിപിൻ ദാസ് |
| 6 | എസ്.ജയകുമാർ |
| 7 | സുരേഷ് കുമാർ.ജി |
| 8 | സച്ചിൻ.എസ്.ബാബു |
| 9 | രമേഷ് ചന്ദ്രൻ |
| 10 | ആർ.രഘുനാഥൻ നായർ |
| 11 | ആർ.ശ്രീകുമാർ |
| | |

| | |
|---|---|
| 12 | മധു.ജി. |
| 13 | സന്തോഷ് കുമാർ.എസ്.എസ്. |
| 14 | ബിജുകുമാർ.പി.എസ്. |
| 15 | ജയകുമാർ.എസ്. |
| 16 | അരുൺ.എസ് |
| 17 | എസ്.ആർ.ദാസ്. |
| 18 | ജയൻ നായർ |
| 19 | ജഗന്നാഥ പിള്ള |
| 20 | സുരേഷ് കുമാർ.ആർ |
| 21 | ആർ.ശിവദാസൻ |

പ്രസ്തുത കരാറുകാർക്ക് ഡിമാന്റ് നോട്ടീസ് നല്കിയെങ്കിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെന്നും തുടർനടപടി സ്വീകരിച്ചുവരുന്നുവെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 10/12.03.2020). കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ വാടക - കുടിശ്ശിക പിരിച്ചെടുത്തില്ല.

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ചുവടെ ചേർക്കുന്ന സ്റ്റാളുകളുടെ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| i | SC27 | ബാബു.സി. | 87168 | 18-19 വർഷത്തെ വാടക |
| ii | SC28 | ശ്രീകണ്ഠൻ നായർ | 22889 | |
| iii | NMS5 | പിച്ചു അമ്മാൾ | 12126 | |
| iv | New NMS 1 | ഇന്ദിര | 3933 | 18-19ലെ GST തുക |
| v | New NMS 13 | നിസാർ | 17664 | 18-19 വർഷത്തെ വാടക |

മേൽ പട്ടികയിലെ ക്രമ നമ്പർ iii, vഎന്നിവയിലെ വാടകക്കാരുമായി കരാർ വച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ.16/ 13.03.2020) മറുപടി ലഭ്യമാക്കിയില്ല. വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ.

എ) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി കളക്ട് ചെയ്തതായി കാണുന്നില്ല.

1) എസ്.ബി.ഐ, വെഞ്ഞാറമൂട്

2) ഐ.സി.ഐ.സി.ഐ ബാങ്ക്

3) നിർമ്മൽ ഇൻഡേൻ ഗ്യാസ് ഏജൻസി (രണ്ടാം അർദ്ധവർഷം)

4) ശ്രീപത്മം ഓഡിറ്റോറിയം

5) മെഡി ടെക്ക് ലബോറട്ടറി

6) ഇസ്കോ മൈക്രോ ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ്

7) നെടുമങ്ങാട് താലൂക്ക് ഗവൺമെന്റ് സെർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

8) ഭാരത് പെട്രോളിയം, വെഞ്ഞാറമൂട്

9) മുത്തൂറ്റ് ഫിൻകോർപ്പ്

10) വെഞ്ഞാറമൂട് ക്ഷീര സഹകരണ സംഘം

ബി) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ലൈസൻസിനോടൊപ്പം കളക്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് നമ്പർ ഉൾപ്പെടുത്തിയിട്ടില്ല .

1) ഡോ. ഷാജു മെമ്മോറിയൽ റിലീഫ് ക്ലിനിക്

2) NFSA വെഞ്ഞാറമൂട്

3) നിർമ്മൽ ഇൻഡേൻ ഗ്യാസ് ഏജൻസി (ഒന്നാം അർദ്ധവർഷം)

4) TVS & Sons

5) കോൺട്ടൂർ റോക്ക് റെസ്റ്റോറന്റ്

6) പാലത്തറ ക്ഷീരോല്പാദന സഹകരണ സംഘം

സി) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഒന്നാം അർദ്ധ വർഷം കളക്ട് ചെയ്ത നികുതി | രണ്ടാം അർദ്ധ വർഷം കളക്ട് ചെയ്ത നികുതി |
|---|---|---|---|
| 1 | യു.എ.ഇ.എക്സ്ചേഞ്ച് | 4000 | - |
| 2 | ഐ.സി.ഐ.സി.ഐ ബാങ്ക് | 6550 | - |
| 3 | നിർമ്മൽ ഇൻഡേൻ ഗ്യാസ് ഏജൻസി | 2100 | - |
| | | | |

| | | | |
|---|---|---|---|
| 4 | ഇസ്റ്റോ മൈക്രോ ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ് | 11180 | - |
| 5 | ഇന്ത്യൻ കോഫീ ഹൗസ് | - | 47800 |
| 6 | പാലത്തറ ക്ഷീരോല്പാദന സഹകരണ സംഘം | - | 660 |
| 7 | ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം | - | 6100 |
| 8 | വെഞ്ഞാറമൂട് ക്ഷീര സഹകരണ സംഘം | - | - |

ഡി) തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ച രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 33 /18.03.2020) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-16 ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധമായ അപേക്ഷകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ 17-18 വർഷം ലൈസൻസെടുത്തിട്ടുള്ളതും തുടർന്ന് പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ 18-19 വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

ബി) പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ കോളേജുകൾ എന്നിവയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്റർ ലഭ്യമാക്കിയില്ല.

സി) <u>സ്ഥലപരിശോധന റിപ്പോർട്ടുകൾ അപൂർണ്ണം.</u>

ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ സ്ഥല പരിശോധന നടത്തി വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണോയെന്നും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ആദ്യത്തെ 50 അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെപ്പറഞ്ഞിട്ടുള്ള അപേക്ഷകളിൽ, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം |
|---|---|
| 1 | എം.എസ്.സുനിൽകുമാർ, ശബരി ട്രേഡേഴ്സ് |
| 2 | മാനേജർ,ജനറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| | |

| | |
|---|---|
| 3 | റംല ബീവി, ഗാർനെറ്റ് ബൊട്ടീക്ക് |
| 4 | തുളസീദാസ്, എസ്.റ്റി. ഹാർഡ് വെയേഴ്സ് |

ഡി) ലൈസൻസ് ഫീസ്- മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ ചട്ടം2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 489അപേക്ഷകരിൽ നിന്നായി 269415 രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

ഇ) ട്രേഡേഴ്സ് ലിസ്റ്റിൽ 39,40 ക്രമനമ്പരുകളിൽ AV ക്വാറി , AV ക്രഷർ എന്നിവയുടെ ലൈസൻസ് ഫീ ഇനത്തിൽ 4000 രൂപ വീതം സുരേഷ് കുമാർ എന്ന അപേക്ഷകനിൽ നിന്ന് കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയുൾപ്പെടെയുള്ള ഫയൽ ഹാജരാക്കിയില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 44/20-03-2020) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത ആപാകതകളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഗ്രാമപഞ്ചായത്ത് ലൈബ്രറി - പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറിയിൽ വിതരണം ചെയ്യുന്ന പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിന് കാലതാമസമുണ്ട്.

2. വിതരണ രജിസ്റ്ററിൽ ദിവസേനയുള്ള പുസ്തകങ്ങളുടെ വിതരണം തുടർച്ചയായി രേഖപ്പെടുത്തുന്നില്ല. പകരം ഓരോ അംഗത്തിനും ഓരോ പേജ് വീതം മാറ്റിവച്ച് വിതരണം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

3. പുസ്തകങ്ങളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു വർഷത്തിലധികമായി തിരികെ കിട്ടാനുള്ള പുസ്തകങ്ങളുമുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അക്സഷൻ നമ്പർ | പുസ്തകത്തിന്റെ പേര് | കൈപ്പറ്റിയ ആളിന്റെ പേര് | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1893 | Three Mistakes of my Life | സൂരജ്.വി.എസ് | 31.03.2018 |
| 1722 | ആറാട്ട് | ക്ഷേത്ര ഗോപൻ | 27.06.2018 |
| 2460 | Right Here Right Now | സിധേഷ്.എ.എസ്. | 23.09.2017 |
| CT -7 | വമ്പൻ | വത്സലയമ്മ.എൽ. | 28.06.2017 |
| 1753 | ഭീകര കഥകൾ | അബിജിത്ത്.ബി.എ | 16.11.2016 |
| 450 | ഭഗത് സിംഗ് | അഖിൽരാജ്.ആർ | 09.06.2017 |
| 923 | ഓടയിൽ നിന്ന് | ഷാജി.സി.ആർ | 23.09.2017 |
| 156 | കഥയമ്മ | അഖിലേഷ്.എസ് | 08.02.2017 |
| 1577 | ഭാരതത്തിന്റെ പുനർജനനം | ബീന.എൽ.ജി | 18.08.2018 |

4. ലൈബ്രറിയിലെ പുസ്തകങ്ങളുടെ ഭൗതിക പരിശോധന കാലാകാലം നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും ലൈബ്രറിക്കായി ബൈലോ തയ്യാറാക്കിയിട്ടുള്ളതിന്റെയും കാലതാമസത്തിന് പിഴ ഈടാക്കുന്നതിന്റെയും വിശദവിവരവും ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ -09/12.03.2020).

ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ചെലവ് വിവരം | അപാകം |
|---|---|---|---|---|
| 1 | 21800306 / 25-06-2018 | 4500 | വെഞ്ഞാറമൂട് വാർഡിൽ മാണിക്കൽ ഏലാപ്രദേശം തോട് വൃത്തിയാക്കിയത്. | എ. ഇ യുടെ valuation ഇല്ലാതെ പണം നൽകി. |
| 2 | 21800313 / 25-06-2018 | 6000 | നെല്ലനാട്, കാന്തലക്കോണം അംഗനവാടികളിലെ മരങ്ങൾ വെട്ടുകയും ചില്ലകൾ മുറിക്കുകയും ചെയ്ത ചെലവ്. | മരം മുറിച്ച പ്രവൃത്തികൾക്ക് ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. മുറിച്ചുമാറ്റിയ മരങ്ങൾ സ്റ്റാക്ക് ചെയ്തതിന്റെ വിവരം, തടിയുടെ മൂല്യനിർണയം നടത്തിയതിന്റെ വിശദാംശം, മൂല്യനിർണയം |
| 3 | 21800325 | 7090 | ഭ്രതമടക്കി, കാവറ, കോട്ടുകുന്നം, | |

| | | | | |
|---|---|---|---|---|
| | / 29-06-2018 | | വലിയകട്ടയ്ക്കാൽ എന്നീ വാർഡുകളിലെ അംഗനവാടികളിലെ മരങ്ങൾ വെട്ടുകയും ചില്ലകൾ മുറിക്കുകയും ചെയ്ത ചെലവ്. | നടത്തുന്നതിന് വനം വകുപ്പിന് കത്ത് നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| 4 | 21800542 / 21-08-2018 | 16000 | പി.എച്ച്.സി സബ്സെന്ററിൽ മരം മുറിച്ച ചെലവ്. | |
| 5 | 21800548 / 22-08-2018 തുക 17000 | 7000 | മൈലക്കൽ വാർഡിൽ നഴ്സറിയിൽ നിന്ന മരം മുറിച്ച ചെലവ് - 5000/-രൂപ<br>വെഞ്ഞാറമൂട് വില്ലേജ് ഓഫീസിന്റെ സമീപം മരം മുറിച്ച് ചെലവ്- 2000/-രൂപ | |
| 6 | 21800246 / 06-06-2018 | 10000 | പൂവണത്തുംമൂട് ഗവ.LPS സ്മാർട്ട് ക്ലാസ്സ് റൂമിന്റെ ഉദ്ഘാടനത്തിനോടനുബന്ധിച്ച ചെലവുകൾക്ക് പണം ഹെഡ്മാസ്റ്റർക്ക് കൈമാറി. | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. |
| 7 | 21800174 / 24-05-2018 | 8600 | താഴത്ത് വീട് മംഗലത്തുനട റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് KL-21-2401 ടിപ്പർ ലോറിയിൽ മണ്ണിറക്കിയതിന് 5000/-രൂപയും 8 പേരുടെ കൂലിയിനത്തിൽ 3600/-രൂപയും ചേർത്ത് ആകെ 8600/- രൂപ നൽകി. | മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ പ്രസ്തുത വാഹനം motor cycle above 95 cc, T V S motors co. Ltd- T V S Victor ആണ്. ബൈക്കിന്റെ നമ്പർ ഉപയോഗിച്ച് വൗച്ചർ തയ്യാറാക്കി ടിപ്പറിൽ മണ്ണിറക്കിയതായി രേഖയുണ്ടാക്കി പണം പിൻവലിച്ചിരിക്കുന്നു. |
| 8 | 21800055 / 12-04-2018 | 2400 | 2017-18 സാമ്പത്തിക വർഷത്തെ ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി 16 വാർഡുകളിൽ മൈക്ക് അനൗൺസ്മെന്റ് ചെയ്ത വകയിൽ 2400/-രൂപ ചെലവഴിച്ചു. | KLG-2154 നമ്പരിലുള്ള വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പരിശോധനയിൽ പ്രസ്തുത വാഹനം Non-Transport വിഭാഗത്തിൽ motor cycle above 95 cc , Royal Enfield വാഹനമാണ്. |

സാധന സേവനങ്ങൾ നൽകുന്നവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് പണം കൈമാറേണ്ടത്. ജി.ഒ. (പി) 177/2006 ധനം 12-04-2006, ജി. ഒ. (പി) 119/2015 ധനം 21-03-2015 എന്നിവയുടെ ലംഘനമാണ് നടന്നിട്ടുള്ളത്.

അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നമ്പർ 12/ 12.03.2020, നമ്പർ 22/16.03.2020) നമ്പർ 12ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യത്തിലാണ് തോട് വൃത്തിയാക്കിയതെന്നും, മഴക്കാലവും അനുബന്ധ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട് അംഗനവാടികളിലെ കുട്ടികളുടെ ജീവന് ഭീഷണിയായതിനാലാണ് മരം

മുറിച്ച് മാറ്റിയതെന്നമാണ് വിശദീകരിച്ചിട്ടുള്ളത്. സ്കൂൾ ഉദ്ഘാടനത്തിനോടനുബന്ധിച്ച ചെലവുകൾ ഹെഡ്മാസ്റ്ററുടെ കൈവശമാണെന്നും, ടിപ്പർ ലോറിയിൽ മണ്ണടിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം 22ന് മറുപടി ലഭ്യമാക്കിയില്ല. മരം മുറിച്ച പ്രവൃത്തികൾക്ക് ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മരം മുറിച്ച് സ്റ്റാക്ക് ചെയ്തതിന്റെ രേഖകളോ, ലേല നടപടികൾക്കായി വനം വകുപ്പിൽ അയച്ച കത്തിന്റെ പകർപ്പോ ലഭ്യമാക്കിയില്ല. തടിയുടെ മൂല്യനിർണയം നടത്തിയിതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ഇനങ്ങളിൽ ചെലവഴിച്ച ആകെ തുകയായ 61590/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-19 അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി എസ്.എൽ.ഐ ഒടുക്കുന്നില്ല.

സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിന് ശേഷമോ പ്രവേശിക്കുന്ന അൻപത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്. ജി.ഒ.(പി)149/2016/ധന തീയതി 04.10.2016 പ്രകാരം 01.01.2017 മുതൽ എസ്.എൽ.ഐ യുടെ നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ജീവനക്കാരിൽ നിന്നും ആനുപാതികമായി എസ്.എൽ.ഐ ഈടാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ എസ്.എൽ.ഐ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| ശ്രീമതി അനിതകുമാരി.ഡി., സീനിയർ ക്ലർക്ക് | 34800 | 200 | 300 |
| ശ്രീ. സനിൽകുമാർ. എസ്.എസ്. , അക്കൗണ്ടന്റ് | 37500 | 150 | 500 |
| ശ്രീ.ഷാനവാസ്.ആർ, സീനിയർ ക്ലർക്ക് | 34800 | 150 | 300 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/12-03-2020) മറുപടി ലഭിച്ചില്ല. പ്രസ്തുത ജീവനക്കാരുടെ എസ്. എൽ. ഐ യുടെ പുതുക്കിയ നിരക്കിലുള്ള പോളിസി എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്ത് വാഹനമായ KL-21-R-5594-ന്റെ ലോഗ് ബുക്ക് പരിശോധനയിൽ താഴെകാണുന്ന അപാകങ്ങൾ കാണുന്നു.

| യാത്ര തുടങ്ങിയ സ്ഥലം, തീയതി | യാത്ര തുടങ്ങുമ്പോഴുള്ള കിലോമീറ്റർ | യാത്രയുടെ വിവരം | യാത്ര അവസാനിപ്പിച്ച കിലോമീറ്റർ | യാത്ര ചെയ്ത ദൂരം(ലോഗ | പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ബുക്കിൽ രേഖപ്പെടുത്തിയത്) (കിലോ മീറ്റർ) | |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 13-08-2018 | 395 | വെമ്പായം പഞ്ചായത്ത് ഓഫീസിൽ പോയി വന്നത് | 425 | 30 | യഥാർത്ഥ ദൂരം 20 കി. മീ |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 13-09-2018 | 2337 | പെരിങ്ങമ്മല പഞ്ചായത്തിൽ പോയി വന്നത് | 2440 | 103 | യഥാർത്ഥ ദൂരം 66 കി. മീ |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 17-09-2018 | 2515 | പെരിങ്ങമ്മല പഞ്ചായത്തിൽ പോയി വന്നത് | 2661 | 104 കി മീ | യഥാർത്ഥ ദൂരം 66 കി. മീ |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 19-09-2018 | 2778 | പെരിങ്ങമ്മല പഞ്ചായത്തിൽ പോയി വന്നത് | 2802 | 25 | ശരിയായ ദൂരം രേഖപ്പെടുത്തിയില്ല |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 25-09-2018 | 3107 | കൊട്ടാരക്കര കിലയിൽ പോയി വന്നത് | 3215 | 108 | ശ്രീ.ബിനു. എസ്. നായർ, ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ശ്രീ. അനിൽ, അൽ സജീർ, ബിനു. എം. എസ് (മെമ്പർമാർ) എന്നിവർ നടത്തിയ യാത്ര |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 25-09-2018 | 3215 | കൊട്ടാരക്കര കിലയിൽ പോയി വന്നത് | 3323 | 108 | ശ്രീ.ബിനു. എസ്. നായർ, ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ശ്രീ. അനിൽ, അൽ സജീർ, ബിനു. എം. എസ് (മെമ്പർമാർ)ഒരേ ദിവസം ഒരേ വ്യക്തികൾ ഒരേ സ്ഥലത്തേക്ക് 2 യാത്ര. |
| ഗ്രാമപഞ്ചായത്ത് ഓഫീസ് 26-09-2018 | 3323 | കൊട്ടാരക്കര കിലയിൽ പോയി വന്നത് | 3431 | 108 | ശ്രീ.ബിനു. എസ്. നായർ, ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ശ്രീ. അനിൽ, അൽ സജീർ, ബിനു. എം. എസ് (മെമ്പർമാർ) |
| | 3431 | പരാതി | 3446 | 15 | അസി.സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 26-09-2018 10.30 എ. എം ന് | | നോക്കാനായി പോയി വന്നത് | | | നടത്തിയ യാത്ര |
| 26-09-2018 1.30 പി എം ന് | 3446 | കൊട്ടാരക്കര കിലയിൽ പോയി വന്നത് (പ്രസിഡണ്ട്) | 3500 | 54 | ഒരേ ദിവസത്തെ 3 യാത്രകൾ പൊരുത്തപ്പെടുന്നില്ല. |
| ഗ്രാമപഞ്ചായത്ത് ഓഫീസ്-9-01-2019 | 8727 | സെക്രട്ടേറിയേറ്റിൽ പോയി വന്നത് | 8836 | 109 | ശരിയായ ദൂരം 52 കി. മീ. |

25-09-2019-ന് രണ്ട് തവണ ഒരേ വ്യക്തികളുമായി കൊട്ടാരക്കരയിൽ പോയതായും, ശരിയായ ദൂരത്തേക്കാൾ കൂടുതൽ ദൂരം രേഖപ്പെടുത്തുന്ന പ്രവണതയും കാണുന്നു. ഇതു സംബബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ.30/ 18.03.2020) മറുപടി ലഭ്യമാക്കിയില്ല. വാഹന ഉപയോഗവും, ലോഗ് ബുക്ക് പരിപാലനവും ധനകാര്യ സ്ഥിരം സമിതിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ട്രാക്ടർ സർക്കാർ ഉത്തരവിന് വിധേയമായി ലേലം ചെയ്യേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിലെ വാഹനമായ KL-01-N-5633 ട്രാക്ടറിന്റെ ലോഗ് ബുക്ക് പരിശോധനയിൽ 2018-19 സാമ്പത്തിക വർഷം അറ്റകുറ്റപണികൾക്കായി ചുവടെ ചേർക്കും പ്രകാരം ചെലവ് നടന്നിട്ടുണ്ട്.

| തീയതി | വൗച്ചർ നമ്പർ | തുക | പരാമർശം |
|---|---|---|---|
| 16.05.2018 | 2180150 | 34020 | ടെസ്റ്റ് നടത്താനായി പണി നടത്തി, എന്നാൽ ടെസ്റ്റ് നടത്തിയില്ല. |
| 16.05.2018 | 21800151 | 21680 | |
| 12.06.2018 | 21800395 | 3250 | |
| 02.08.2018 | 21800467 | 5500 | |
| 09.08.2018 | 21800496 | 1400 | |
| 16.08.2018 | 21800519 | 6750 | |
| 10.01.2019 | 21800996 | 1940 | |
| ആകെ | | 74540/-രൂപ | |

വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച് സ. ഉ. (കൈ) നം. 45/2019/ പൊ.മ.വ. 16.10.2019, സ.ഉ(എം.എസ്)നം. 110/76 PW തീയതി10.05.1976 എന്നിവ പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 12500 കി.ഗ്രാമിന് മുകളിൽ ആകെ ഭാരം വരുന്ന ഹെവി ഡ്യൂട്ടി കൊമേഴ്സ്യൽ വാഹനം | 4 ലക്ഷം കി. മീ. അല്ലെങ്കിൽ 15 വർഷങ്ങൾ (ഏതാണോ ആദ്യം വരുന്നത് അത്) |
| 7500 കി. ഗ്രാം 12500 കി. ഗ്രാം വരെ ആകെ | 3.5 ലക്ഷം കി. മീ. അല്ലെങ്കിൽ 10 |

| | |
|---|---|
| ഭാരം വരുന്ന മീഡിയം ഡ്യൂട്ടി വാണിജ്യ വാഹനങ്ങൾ | വർഷം (ഏതാണോ ആദ്യം അത്) |

മറ്റ് മാനദണ്ഡ പ്രകാരം, തുടർച്ചയായ മൂന്ന് വർഷത്തെ അറ്റകുറ്റപ്പണികളുടെ ചെലവ് വാഹനത്തിന്റെ വാർഷിക വിലയിടിവായ 10ശതമാനത്തേക്കാൾ കൂടിയാൽ അല്ലെങ്കിൽ വാഹനത്തിന്റെ വിപണി വില അറ്റകുറ്റപ്പണിക്ക് ശേഷവും ആ തുകയേക്കാൾ കുറവാണെങ്കിൽ ഇപ്രകാരം ഉപയോഗ ശൂന്യമായ വാഹനങ്ങൾ കൈയൊഴിയേണ്ടതാണ്. 1998 ൽ രജിസ്റ്റർ ചെയ്ത 22 വർഷം പഴക്കമുള്ള പഞ്ചായത്തിലെ ട്രാക്ടർ രജിസ്ട്രേഷൻ പുതുക്കാതെ ഇപ്പോഴും ഉപയോഗിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(എൻക്വയറിനമ്പർ37/19.03.2020)മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ ലംഘിച്ചുകൊണ്ടുള്ള വാഹനത്തിന്റെ ഉപയേഗം അടിയന്തിരമായി അവസാനിപ്പിക്കേണ്ടതും, തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-22 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | ചെലവ് തുക | അപാകതകൾ | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | SO108/19, ഐ എസ് ഒ സർട്ടിഫിക്കേഷൻ | 301509/- (99533/- വികസനഫണ്ട്, 201976/-തനത് ഫണ്ട്) | ചെലവ് രേഖകളും സുലേഖ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നതിൽ കൃത്യത ഇല്ല. | 15/ 20.12.18തുക67385/- 23/ 28.01.19 തുക 22148/- 29/25.03.19തുക 10000/- തനത് ഫണ്ട് ചെലവ് തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| 2 | SO179/19, തെരുവ് വിളക്ക് അറ്റകുറ്റ പണി | 521672/- (തനത് ഫണ്ട്) | ചെലവ് തുകയുള്ള എല്ലാ വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | തനത് ഫണ്ട് ചെലവ് തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| 3 | SO130/19 തെരുവ് വിളക്ക് അറ്റകുറ്റ പണി | 382151/- (തനത് ഫണ്ട്) | ഹാജരാക്കിയ വൗച്ചറുകളിൽ ലക്ഷ്മി ഇലക്ട്രിക്കൽസിന് നല്കിയ 296850/-- രൂപയുടെ ബില്ലും ആയതിന്റെ അനുബന്ധ വൗച്ചറുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.സ്പിൽ ഓവർ പദ്ധതിയായതിനാൽ മുൻവർഷം തെരുവ് വിളക്ക് സ്ഥാപിച്ച പോസ്റ്റുകളുടെ എണ്ണം, തൻവർഷം സ്ഥാപിച്ചത് എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. | തനത് ഫണ്ട് ചെലവ് തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| 4 | SO139/19 | 960749/- | സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 19/18.01.19തുക960749/- |

| | | | | |
|---|---|---|---|---|
| | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും | | | |
| 5 | SO029/19<br>ഹരിത കർമ്മസേന രൂപീകരണം | 277826/-<br>(വികസനഫണ്ട്) | ഹരിതകർമ്മസേനയുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി ഓരോ വാർഡിലും ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം, ഗുണഭോക്തൃ ലിസ്റ്റ്, സേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. | 29/07.11.18തുക48566/-<br>29/11.01.19തുക130000/-<br>29/17.01.19തുക4260/-<br>29/22.3.19തുക95000/- |
| 6 | SO177/19<br>പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ | 96527/-<br>(തനത് ഫണ്ട് ) | 81440/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | തനത് ഫണ്ട് ചെലവ് തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. |

സെക്രട്ടറി നിർവ്വഹണ നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതമായും അപൂർണമായുമാണ് ലഭ്യമാക്കിയത്. ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഫയൽ ക്രമപ്പെടുത്തിയും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയും ലഭ്യമാക്കാൻ സെക്ഷന് കഴിഞ്ഞില്ല. ബന്ധപ്പെട്ട വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ18/16.03.20) രേഖകളും വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന മറുപടി 20.03.2020 (ഓഡിറ്റിന്റെ അവസാന ദിവസം) ഉച്ചയ്ക്ക് ശേഷമാണ് ലഭ്യമാക്കിയത്.

എന്നാൽ അന്നേ ദിവസം ഓഡിറ്റ് പൂർത്തിയാക്കേണ്ടതിനാൽ ഫയലുകൾ പരിശോധിക്കാൻ സാധിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ, ക്രമ നമ്പർ.6-ലെ 15087/- രൂപ ഒഴിച്ചുള്ള ആകെ ചെലവ് തുക 25,25,347/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 1-23 ഇടവിള കൃഷിക്കുള്ള കിഴങ്ങ് വർഗ കിറ്റ് - പ്രോജക്ട് നിർവ്വഹണത്തിൽ അപാകം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/18-19 |
| അടങ്കൽ | 82800/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 182800/- |
| ബിൽ നമ്പർ | 2/25.09.2018 |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപ്പഞ്ചായത്ത് പരിധിയിലെ സ്ഥിരതാമസക്കാരായ 20 സെന്റിന് മുകളിൽ സ്വന്തം കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർകരായിട്ടുള്ളവർക്ക് ഇടവിള കൃഷിക്കായി 600രൂപ വിലവരുന്ന ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കിഴങ്ങുവർഗ്ഗ വിള 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ നിശ്ചിത സ്ഥലവിസ്തൃതിയില്ലാത്തവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും | ഭൂമിയുടെ വിസ്തൃതി |
|---|---|---|
| 1 | ഓമന. കെ, ബിന്ദു വിലാസം, വെഞ്ഞാറമൂട് | 3.64 ആർ (9സെന്റ്) |
| 2 | ലതിക, നെടിയവിള വീട്, മൈലക്കുഴി, വെഞ്ഞാറമൂട് | 7.2ആർ (17സെന്റ്) |
| 3 | അനിൽകുമാർ, നന്ദനം, മൈലക്കുഴി | 3.84ആർ (9സെന്റ്) |
| 4 | ഷീബ. സി. ഒ, സി.എസ്. ഹൗസ്, കോട്ടുകുന്നം | 4.9 ആർ (12സെന്റ്) |
| 5 | സിന്ധു. റ്റി, വിളയിൽ വീട്, മുക്കുന്നൂർ, പുളൂർ, വെഞ്ഞാറമൂട് | 3.83ആർ (9സെന്റ്) |
| 6 | സന്ധ്യ, കൊപ്പത്തിൽ വീട്, നെല്ലനാട് | 4.9ആർ (12 സെന്റ്) |
| 7 | വിജയൻ. എസ്, നെടിയവിള വീട്, വലിയകട്ടയ്ക്കാൽ | 7.17ആർ (17 സെന്റ്) |
| 8 | വിജയമ്മ, സരിതാ ഭവൻ, നെല്ലനാട് | 3.89ആർ (9സെന്റ്) |
| 9 | ബി. വിജയൻ, ശർമ്മിള മൻസിൽ, കണ്ണംകോട് | 4.8ആർ (12 സെന്റ്) |
| 10 | സുദിന. എസ്,ചാല്വവിള വീട്, നെല്ലനാട് | 4.58ആർ (12 സെന്റ്) |

138 കർഷകർക്കുള്ള കിഴങ്ങ് വർഗ കിറ്റുകൾ വി.എഫ്.സി.കെ മുഖേന ലഭ്യമാക്കിയെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർ കിറ്റുകൾ കൈപ്പറ്റുന്നതിന് കാലതാമസം നേരിട്ടുവെന്നും സമയബന്ധിതമായി വിതരണം ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നതിനാൽ 20സെന്റിന് താഴെ കൃഷി ഭൂമിയുള്ളവർക്കും വിതരണം ചെയ്തുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 29/18.03.2020ന്റെ മറുപടി). പ്രോജക്റ്റ് രൂപീകരണത്തിലും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും വീഴ്ച സംഭവിച്ചതിനാലാണ് ഇപ്രകാരം പ്രോജക്റ്റ് നടപ്പാക്കേണ്ടി വന്നത്. ഭാവിയിൽ ഇപ്രകാരമുള്ള അപാകതയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ABC പ്രോഗ്രാം - നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച രേഖകളുടെ അഭാവം.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0003/19 |
| അടങ്കൽ തുക | 210000 (വികസന ഫണ്ട്) |
| ചെലവ് തുക | 210000 |

| | |
|---|---|
| | |
| ബിൽ നമ്പർ | 1/24.07.2018 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിനായി 210000/- രൂപ കുടുംബശ്രീ ജില്ലാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 27/19.03.2020) ലഭ്യമാക്കിയെങ്കിലും ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ / രേഖകൾ ലഭ്യമാക്കിയില്ല.

എ) സർജറി നടത്തിയ നായകളെ സംരക്ഷിക്കുന്നതിനുള്ള ഷെൽട്ടർ സംവിധാനം ഒരുക്കിയതിന്റെ വിശദാംശങ്ങൾ.

ബി) നായകളെ പിടിച്ച Licenced Dog Catcher ന്റെ വിശദാംശങ്ങൾ.

സി) സർജറി നടത്തിയ വെറ്റിനറി സർജന്റെ വിശദാംശങ്ങൾ.

ഡി) ട്രാൻസ്പോർട്ടേഷന് വാഹനം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ.

ഇ) മോണിറ്ററിംഗ് റിപ്പോർട്ട്.

ABC പ്രോഗ്രാമുമായി ബന്ധപ്പെട്ട രേഖകൾ കുടുംബശ്രീയുടെ കൈവശമാണെന്നും ഭരണസമിതിയുടെയും കുടുംബശ്രീ അംഗങ്ങളുടെയും സഹകരണത്തോടെയാണ് നിർവ്വഹിച്ചതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. ഭാവിയിൽ ABC പ്രോഗ്രാം നടപ്പാക്കുമ്പോൾ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-25 വ്യാപകമായി എസ്റ്റിമേറ്റ് പുതുക്കുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

18-19 വർഷം നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഇവയൊന്നും പാലിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം സാരമായ വ്യതിയാനം വരുത്തി റിവൈസ് ചെയ്തതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പുതുക്കിയതിന്റെ വിശദാംശം |
|---|---|---|---|
| i | 160/19 | പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യം | മൂന്ന് ഇനങ്ങളുണ്ടായിരുന്ന ആദ്യ എസ്റ്റിമേറ്റിലെ ഒന്നാം ഇനം 150mm dia PVC pipe ഒഴിവാക്കി 15 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയതിൽ 7-ാം |

| | | | |
|---|---|---|---|
| | | | ഇനം 110mm dia PVC pipe, 8-ാം ഇനം 150mm MS round tube എന്നിവയുമാണ്. |
| ii | 172/19 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് അറ്റകുറ്റപണികളും സാനിറ്ററി സൗകര്യം മെച്ചപ്പെടുത്തലും | 16 ഇനങ്ങളുണ്ടായിരുന്ന ആദ്യ എസ്റ്റിമേറ്റിലെ ഇനങ്ങൾ 1 (Truss work), 2 (GI sheet), 4, 5, 15, 16 (Electrification) എന്നിവ ഒഴിവാക്കി Cement concrete, Solid block masonary ഉൾപ്പെടെയുള്ള 11 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി |
| iii | 167/19 | മുക്കന്നൂർ ക്ഷേത്രം റോഡ് സൈഡ് ഡ്രെയിൻ | ആദ്യ എസ്റ്റിമേറ്റിലെ ആറ് ഇനങ്ങൾ കൂടാതെ മൂന്ന് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. Stone masonary ഉം ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അടുത്തുള്ള കുളത്തിലേക്ക് വെള്ളം ഒഴുകിപ്പോകുന്നതിനുള്ള PVC പൈപ്പും എക്സ്ട്രാ ഇനങ്ങളിൽ ഉൾപ്പെടുന്നു. |

ഇപ്രകാരം റിവൈസ് ചെയ്തതിന് വ്യക്തമായ കാരണം വിശദീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 24/16.03.2020). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപായി സ്ഥല പരിശോധന നടത്തി പ്രവൃത്തി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിക്കേണ്ടതാണ്.

## 1-26 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുന്നില്ല.

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | പൂർത്തീകരണ കാലയളവ് | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| i | 169/19 | ആലത്തറ യൂ.പി.സ്കൂളിന് കമാനം | 3മാസം | 28.02.2018 | 18.03.2019 | ആവശ്യമായ സ്ഥലം ലഭിക്കാഞ്ഞതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സമയം ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ii | 172/19 | അസി.എഞ്ചിനീയറുടെ ഓഫീസ് അറ്റകുറ്റപണികളും | 3 മാസം | 22.02.2018 | 18.09.2018 | |

| | | | | | | |
|---|---|---|---|---|---|---|
| | | സാനിറ്ററി സൗകര്യം മെച്ചപ്പെടുത്തലും | | | | |

വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ - 23/16.03.2020 ) പിഴ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ നിലവിലില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ് ) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ് ) നം.72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ - 23 /16.03.2020) മറുപടി ലഭ്യമാക്കിയില്ല. അടിസ്ഥാനരേഖകൾ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 പാടശേഖരത്തിന് വേണ്ടി 16.17 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ജലസേചന പദ്ധതി പ്രവർത്തനരഹിതം.

പമ്പ് സെറ്റ് സ്ഥാപിച്ച് വാമനപുരം നദിയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈൻ വഴി നെല്ലനാട് പാടശേഖരത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി 18-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പാക്കി.

| പ്രോജക്ട്നമ്പർ | | S0160/19 (സ്പിൽ ഓവർ) | S0213/19 |
|---|---|---|---|
| അടങ്കൽ തുക | വികസന ഫണ്ട് | 310000 | 409010 |
| | തനത് ഫണ്ട് | 500000 | 80990 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | - |
| | ആകെ | 1310000 | 490000 |
| | | | |

| | | | |
|---|---|---|---|
| ചെലവ് തുക<br>ബിൽ നമ്പർ/<br>ചെക്ക് നമ്പർ | വികസന ഫണ്ട് | 310000<br>37/07.01.2019 | 409010<br>56/21.03.2019 |
| | തനത് ഫണ്ട് | 326648<br>2263666/04.01.2019 | 72198<br>2263690/15.03.2019 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000<br>2081314/04.01.2019 | - |
| എം ബുക്ക് നമ്പർ | | 823/18-19 | 482/18-19 |
| കരാറുകാരൻ | | സുരേഷ് കുമാർ.ജി. | സുരേഷ് കുമാർ.ജി. |

1) ജലസേചന പദ്ധതിയുടെ പമ്പ് പ്രവർത്തനരഹിതമാണെന്ന് 19.03.2020ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) 160/19 -ാം നമ്പർ പ്രവൃത്തിയുടെ 7-ാം ഇനമായി PVC pipes 497 മീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 8-ാം ഇനമായി MS round tube റോഡ് ക്രോസിംഗിന് പ്രൊട്ടക്ഷനായും സ്ഥാപിച്ചിരുന്നു. 213/19 -ാം നമ്പർ പ്രവൃത്തിയുടെ 2-ാം ഇനമായി 885 മീറ്റർ നീളത്തിൽ PVC പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. സ്പിൽ ഓവറായി പ്രവൃത്തി തയ്യാറാക്കിയതു കൂടാതെ മറ്റൊരു പ്രവൃത്തിക്കായി അംഗീകാരം വാങ്ങിയതിനും ഒരേ സ്വഭാവമുള്ള പ്രവൃത്തി ഇനങ്ങൾ ആവർത്തിച്ച് നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 43 / 20-03-2020).

പ്രസ്തുത ജലസേചന പദ്ധതിക്കായി 16,17,856/- രൂപ ചെലവഴിച്ചു. ഇതിന്റെ നിലവിലുള്ള പ്രവർത്തനം സംബന്ധിച്ച ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 15/13.03.2020) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

i) വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തന സജ്ജമായെങ്കിൽ വിശദാംശം.

ii) പ്രവർത്തന ചുമതല കൈമാറി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം.

iii) പാടശേഖരസമിതിയെ ഏല്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം.

iv) വൈദ്യുതി ചാർജ് ഒടുക്കുന്നതിന്റെ വിശദാംശം.

മോണിറ്ററിംഗ് സമിതിയുടെ മേൽനോട്ടക്കുറവ് പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. മേൽ വിഷയത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ജലസേചന പദ്ധതി പ്രവർത്തനക്ഷമമാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-29 MGNREGS ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കണം.

ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റിന് 2018-19 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകളിലായി ചുവടെ

ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണം | പ്രോജക്ടിന്റെ പേര് | ചെലവ് തുക (തനത് ഫണ്ട്) | ചെക്ക് നമ്പർ |
|---|---|---|---|---|
| i | അസിസ്റ്റന്റ് എഞ്ചിനീയർ | MGNREGS ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണം (SO212/19) | 447772 | 2263678 / 16.02.2019 |
| ii | സെക്രട്ടറി | Handmade Cement concrete solid block making machine വാങ്ങൽ (SO131/19) | 125000 | 41508 / 13.08.2018 |
| iii | അസിസ്റ്റന്റ് സെക്രട്ടറി | ബ്രിക്സ് മേക്കിംഗ് യൂണിറ്റിന് അനുബന്ധ സാമഗ്രികൾ വാങ്ങൽ (SO197/19) | 38435 | 44831 / 21.02.2019 |
| iv | അസിസ്റ്റന്റ് സെക്രട്ടറി | ബ്രിക്സ് മേക്കിംഗ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ (SO198/19) | 49860 | 2263675 / 07.02.2019 |
| | | ആകെ | 661067 | |

ഇത് കൂടാതെ 2019-20 വർഷം ചുവടെ ചേർക്കും പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| i | ബ്രിക്സ് മേക്കിംഗ് യൂണിറ്റിന് അനുബന്ധ സാമഗ്രികൾ വാങ്ങൽ (SO145/20) | 732680 |
| ii | ബ്രിക്സ് മേക്കിംഗ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ (SO146/20) | 108526 |

രണ്ട് വർഷങ്ങളിലായി 1502273/-രൂപ ചെലവഴിച്ച യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് 19.03.2020-ന് നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കോൺക്രീറ്റ് മിക്സർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ തുറസായ സ്ഥലത്ത് തുരുമ്പിച്ച അവസ്ഥയിലാണ്. കട്ട നിർമ്മാണ യന്ത്രങ്ങൾ രണ്ടെണ്ണം ഷെഡിനകത്ത് സൂക്ഷിച്ചിട്ടുണ്ട്.

യൂണിറ്റ് പ്രവർത്തിപ്പിക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/ 19.03.2020) മറുപടി ലഭ്യമാക്കിയില്ല.

കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം പരാമർശിത പ്രോജക്ടുകളിലുണ്ടായിട്ടുണ്ട്. പതിനഞ്ച് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽവിഷയത്തിലേക്ക് വികസന – ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മികളുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ആനുകൂല്യങ്ങൾ നൽകി.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ള കക്കൂസ് നിർമാണത്തിന് ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നല്കുന്നതിനായി ചുവടെപ്പറയും പ്രകാരം 11704/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| 1 | വത്സലകുമാരി, രോഹിണി നിലയം മാരിയം, മൈത്രിനഗർ | 9 |
| 2 | പ്രഭകുമാരി, ചെറുവള്ളിവീട്, മാണിക്കമംഗലം, വെഞ്ഞാറമൂട് | 9 |
| 3 | ഓമന. പി, വെട്ടുവിള പുത്തൻവീട്, വെഞ്ഞാറമൂട് | 9 |
| 4 | സുജ. കെ, വെട്ടുവിള പുത്തൻവീട്, വെഞ്ഞാറമൂട് | 9 |
| 5 | അംബിക, ശശി വിലാസം, ഗണപതിയാംകോട്, പരമേശ്വരം | 16 |
| 6 | രാഗിണി, കുന്നുവിള വീട്, പരമേശ്വരം | 16 |
| 7 | വിജയമ്മ, കല്ലുവിള നീർച്ചാലിൽ വീട്, പള്ളിവിള വീട് | 10 |
| 8 | വാസന്തി, കാട്ടുവിള വീട്, കോട്ടുകുന്നം | 11 |

MGNREG Act 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാക്കപ്പെട്ട പ്രവൃത്തികൾ, അവയുടെ തുടർ നടപടി ക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണം. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നമ്പർ 41 / 20.03.2020) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ അംഗീകാരം ഗ്രാമസഭയിൽ അവതരിപ്പിച്ച് വാങ്ങേണ്ടതാണ്.

## 1-31 ആശ്രയ പദ്ധതി - തുക പിൻവലിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0120/19 |
| | |

| | | |
|---|---|---|
| പേര് | | ആശ്രയ അഗതി രഹിത കേരളം |
| അടങ്കൽ തുക | വികസന ഫണ്ട് | 300000 |
| | തനത് ഫണ്ട് | 1700000 |
| | എക്സ്റ്റേണലി എയ്ഡഡ് പരിപാടി | 1400000 |
| | ആകെ | 3400000 |
| ചെലവ് തുക | | 300000<br>(വികസന ഫണ്ട് ) |
| ബിൽ നമ്പർ | | 120/ 20.01.19 |
| നിർവ്വഹണം | | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 77 ആശ്രയ കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾക്കായി 3 വർഷത്തേക്ക് 10200000/- രൂപ അടങ്കൽ നിശ്ചയിച്ചതിൽ ഒന്നാം വർഷം 3400000/- രൂപ വകയിരുത്തി. ഇതിൽ 300000/- (വികസന ഫണ്ട് ) 20.01.19 ൽ കുടുംബശ്രീ മെമ്പർ സെക്രട്ടറി, സി.ഡി.എസ് ചെയർ പേഴ്സൺ എന്നിവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 18-19 , 19-20 വർഷങ്ങളിൽ ഒരു പ്രവർത്തനവും നടന്നിട്ടില്ല.

മേൽ പദ്ധതി സംബന്ധിച്ച് ചുവടെപ്പറയുന്നയുടെ വിശദീകരണം/വിശദാംശങ്ങൾ, രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/19.03.20) മറുപടി ലഭ്യമാക്കിയില്ല.

1. സ.ഉ (എം എസ്) നമ്പർ 252/2017/ തസ്വഭവ 12.12.17 മാർഗരേഖയിൽ ഖണ്ഡിക 2.4.4, 2.4.5 പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ.

2. പദ്ധതിയിലേക്ക് ചലഞ്ച് ഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ.

3. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 2.5.4 പ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിൽ മുഴുവൻ സേവനവും ലഭ്യമാക്കുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. അത്തരത്തിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ വിവരങ്ങൾ.

4. ഖണ്ഡിക 2.5.6 പ്രകാരം സ്ഥാപന/ജില്ല/ സ്ഥാപന റിവ്യൂവിൽ പദ്ധതി പുരോഗതി വിലയിരുത്തിയതിന്റെ വിവരങ്ങൾ.

5. ജി.ഒ (പി)ഫിൻ നമ്പർ 177/2006 തീയതി 12.04.2006 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. വികസനഫണ്ട് തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ചെലവഴിക്കാത്തതിനുള്ള വിശദീകരണം.

6. പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ.

പ്രസ്തുത രേഖകളുടെ അഭാവത്തിൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് ഭവന നിർമാണം- പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19വർഷം ജനറൽ, എസ്.സി എന്നീ വിഭാഗങ്ങൾക്കായി ചുവടെപ്പറയും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| S053/19 | ലൈഫ് ഭവനനിർമാണം-ജനറൽ | വികസന ഫണ്ട് | 3674800 | 3674800 |
| | | തനത് | 325200 | 325200 |
| | | ബ്ലോക്ക് പഞ്ചായത്ത് | 571503 | 571503 |
| | | ജില്ലാ പഞ്ചായത്ത് | 772842 | 772842 |
| | | മറ്റുള്ളവ (ലോൺ) | 31055655 | 12495655 |
| | ആകെ | | 36400000 | 17840000 |
| S048/19 | ലൈഫ് ഭവനനിർമാണം-ജനറൽ | വികസന ഫണ്ട് (എസ്.സി.പി) | 1936600 | 1936600 |
| | | തനത് | 63400 | 63400 |
| | | ബ്ലോക്ക് പഞ്ചായത്ത് | 374112 | 374112 |
| | | ജില്ലാ പഞ്ചായത്ത് | 1005843 | 1005843 |
| | | മറ്റുള്ളവ (ലോൺ) | 8220045 | 1400045 |
| | ആകെ | | 11600000 | 4780000 |

നിർവഹണം-വില്ലേജ് എക്സ്റ്റൻഷൻഓഫീസർ-1(S053/19)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1I(S048/19)

സ്റ്റാന്റിംഗ്കമ്മിറ്റി - ക്ഷേമകാര്യം

വർക്കിംഗ് ഗ്രൂപ്പ് -ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പെടെ)

2018-19സാമ്പത്തികവർഷം ലൈഫ്-ജനറൽ പദ്ധതി പ്രകാരം കരാർ വച്ച 91 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. അവയിൽ 24 ഭവനങ്ങൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഭവന നിർമാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നമ്പർ 5/10.3.20) നിലവിൽ 70 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി എന്നും, ബാക്കിയുള്ളതിൽ 16 പേർ മേൽക്കൂര വാർത്തു എന്നും, ശേഷിക്കുന്ന 5 പേരുടെ ഭവനനിർമാണം പുരോഗമിക്കുന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല.

കൂടാതെ, ലൈഫ്-എസ്.സി പദ്ധതി പ്രകാരം തൻവർഷം 29 പേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. എന്നാൽ 13 പേരുടെ ഭവനനിർമാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. സംസ്ഥാന വിഹിതം, ഹഡ്കോ ലോൺ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പണി പൂർത്തീകരിക്കാൻ കഴിയാത്തതെന്നും, നിലവിൽ പ്രസ്തുത ഗുണഭോക്താക്കളുടെ വീട്പണി പുരോഗമിക്കുകയാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 8/12.3.20-ന്റെ മറുപടി)

ലൈഫ് ഭവനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് യഥാസമയം പ്രോജക്റ്റ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് സമർപ്പിക്കാത്തത് വീഴ്ചയാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-33 കിണർ റിചാർജിംഗ്- ആവശ്യകതാ നിർണയം നടത്താതെ പദ്ധതി ആവിഷ്കരിച്ചു.

2018-19 വർഷം കിണർ റിചാർജിംഗിനായി ചുവടെചേർക്കും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 7200/- രൂപയും, എസ്.സി വിഭാഗത്തിന് 8000/- രൂപയും കിണർ റിചാർജിംഗ് പ്രവൃത്തികൾക്കായി നല്കുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത്. എസ്.സി പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്കും, ജനറൽ പദ്ധതി പ്രകാരം 150 ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കുന്നതിന് വിഭാവനം ചെയ്തെങ്കിലും എസ്.സി വിഭാഗത്തിൽ 8പേരും, ജനറൽ വിഭാഗത്തിൽ 32 പേരും മാത്രമാണ് കരാർവച്ച് പദ്ധതി പ്രകാരമുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്.

| പ്രോജക്റ്റ് നമ്പർ | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| S055/19 | കിണർ റിചാർജിംഗ്-എസ്.സി<br>(ചെലവ് - 20%)<br>നിർവഹണം : VEO-I | വികസനഫണ്ട് (എസ്.സി.പി) | 160000 | 24000 |
| | | ബ്ലോക്ക് പഞ്ചായത്ത് | 64000 | 16000 |
| | | ജില്ലാ പഞ്ചായത്ത് | 96000 | 24000 |
| | | ആകെ | 320000 | 64000 |
| S054/19 | കിണർ റിചാർജിംഗ്-ജനറൽ | വികസന ഫണ്ട് | 540000 | 115200 |
| | | ബ്ലോക്ക് | 216000 | 46080 |

| | | | | |
|---|---|---|---|---|
| | (ചെലവ് - 21%)<br>നിർവഹണം : VEO-II | പഞ്ചായത്ത് | | |
| | | ജില്ലാ പഞ്ചായത്ത് | 324000 | 69120 |
| | | ആകെ | 1080000 | 230400 |
| സ്റ്റാന്റിംഗ് കമ്മിറ്റി – ക്ഷേമകാര്യം | | | | |

29.6.2018-ലെ 34(4) ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ജനറൽ വിഭാഗത്തിൽ 300ൽപരം ഗുണഭോക്താക്കളെയും, എസ്.സി വിഭാഗത്തിൽ 14ഗുണഭോക്താക്കളെയും അംഗീകരിച്ചിരിക്കുന്നു (അവലംബം - ഭരണ സമിതി മിനിട്സ്). കമ്മിറ്റി അംഗീകരിച്ച ഇത്രയും ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ചെലവ് ഇത്രയും കുറവായതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് പലതവണ ആവശ്യപ്പെട്ടിട്ടും ഗുണഭോക്താക്കൾ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ബൃഹത്തായ ഒരു ലിസ്റ്റ് ഉണ്ടെങ്കിലും അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിച്ച് പദ്ധതി ലക്ഷ്യം നേടാൻ സ്ഥാപനത്തിനായില്ല.

ആസൂത്രണസമിതിയുടെ സഹായത്താൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിച്ച്, ചർച്ച ചെയ്ത്, മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കണം എന്നത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. ഇപ്രകാരം പ്രോജക്ടുകളുടെ അടങ്കൽതുക, ഗുണഭോക്താക്കൾ, ലക്ഷ്യം, മേഖലാവിലയിരുത്തൽ എന്നിവസംബന്ധിച്ച ശുപാർശ അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ നല്കേണ്ടതും അവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ ഭരണസമിതി തീരുമാനിക്കേണ്ടതും ആണ്. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, പദ്ധതിപ്പണം പൂർണമായും വിനിയോഗിക്കുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

# 1-34 ജാഗ്രതാ സമിതി പ്രവർത്തനം ഊർജിതമല്ല.

ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും സുരക്ഷയും പരാതികൾ പരിഹരിക്കുക എന്നിവ ഉറപ്പുവരുത്തേണ്ടതുമാണെന്ന് സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5).

എന്നാൽ 2018-19 വർഷം പഞ്ചായത്തിൽ ജാഗ്രതാസമിതി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. 2018-19 വർഷം ജാഗ്രതാസമിതി മുൻപാകെ ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും, പഞ്ചായത്തിൽ ലീഗൽ സർവീസസിന്റെ

സേവനം ലഭ്യമാകുന്നതിനാൽ ജാഗ്രതാ സമിതിയിൽ കേസ് ലഭിക്കാറില്ല എന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ17/13.3.20) .

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-35 അംഗനവാടി അനുപൂരക പോഷകാഹാര വിതരണം -മോണിറ്ററിംഗ് അനിവാര്യം.

എ) പ്രസ്തുത പദ്ധതിക്കായി ചുവടെക്കാണിച്ചിരിക്കുന്ന പ്രകാരം തുക വകയിരുത്തി 2018-19 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | SO012/19, അംഗനവാടി അനുപൂരക പോഷകാഹാര വിതരണം-ജനറൽ | വികസന ഫണ്ട്(പൊതു) | 1190000 | 1098399 |
| | | കേന്ദ്രാവിഷ്കൃത ഫണ്ട് | 600000 | 403247 |
| | ആകെ | | 1790000 | 1501646 |
| 2 | SO011/19, അംഗനവാടി അനുപൂരക പോഷകാഹാര വിതരണം-എസ്.സി.പി | വികസന ഫണ്ട് (എസ്.സി.പി) | 300000 | 264319 |
| നിർവഹണ ഉദ്യോഗസ്ഥ : ICDS സൂപ്പർവൈസർ<br>സ്റ്റാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം<br>വർക്കിംഗ് ഗ്രൂപ്പ് : സാമൂഹ്യനീതി | | | | |

അമൃതം ന്യൂട്രിമിക്സിന് ജനറൽ പ്രോജക്ടിനായി 4,10,153/- രൂപയും, എസ്.സി.പി പ്രോജക്ടിനായി 79199/- രൂപയും (ആകെ 489352/-) നല്കിയിട്ടുണ്ട്. കൂടാതെ മറ്റ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് സപ്ലൈകോയ്ക്ക് ജനറൽ പ്രോജക്ടിനായി 976707/- രൂപയും, എസ്.സി.പി പ്രോജക്ടിനായി 177185/- രൂപയും (ആകെ 1153892/-) നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ നല്കിയ തുകയും, മേൽ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ ഭക്ഷ്യവസ്തുക്കളുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | വി- മിക്സ് | | സപ്ലൈകോ | |
|---|---|---|---|---|---|
| | | നല്കിയ തുക | ലഭ്യമാക്കിയത് | നല്കിയ തുക | ലഭ്യമാക്കിയത് |
| 1 | S12/19-ജനറൽ | 410153 | 412521 | 976707 | 960957 |
| 2 | S11/19-എസ്.സി.പി | 79199 | 79681 | 177185 | 177185 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 489352 | 492202 | 1153892 | 1138142 |

പ്രസ്തുത വ്യതിയാനത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3/19.3.20) മറുപടി ലഭ്യമാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) മോണിട്ടറിംഗിന്റെ അഭാവം.

29.1.2018 ലെ സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ (വാർഷിക പദ്ധതി മാർഗരേഖ) യിലെ ഖണ്ഡിക 7.8.2 (4)പ്രകാരം അങ്കണവാടി പോഷകാഹാരവിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പു വരുത്താൻ അങ്കണവാടി വെൽഫെയർ കമ്മിറ്റി, നിരീക്ഷണകമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് ഭരണസമിതി മുഖേന ക്രമീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (31/18.3.20)വാർഡ് മെമ്പർ ഉൾപ്പെട്ട ALMC(Anganwadi level Monitoring committee) സോഷ്യൽ ഓഡിറ്റ് നടത്താറുണ്ട് എന്നും, പ്രസ്തുത കമ്മിററിയുടെ യോഗം എല്ലാമാസവും ചേരാറുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന മിനിട്സ് പരിശോധനക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധചെലുത്തേണ്ടതുണ്ട്.

# 1-36 ഗെയിം ഫെസ്റ്റ് - രേഖകളുടെ അഭാവത്തിൽ 99650 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0009/19 |
| പേര് | ഗെയിം ഫെസ്റ്റ് |
| അടങ്കൽ തുക | 120000/- |
| ചെലവ് തുക | 99650/-(തനത് ഫണ്ട്) |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി നിർവ്വഹണത്തിൽ ചുവടെചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) ജി.ഒ.(പി)ഫിൻ നമ്പർ 177/2006 തീയതി 12.04.2006 ഖണ്ഡിക 8.1 , 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 34(5) എന്നിവ പ്രകാരം പണമായി നല്കുന്ന ധന ഇടപാടുകൾ 1000/ രൂപയ്ക്ക് താഴെയായി പരിമിതപ്പെടുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി നിർവഹണ ഉദ്യോഗസ്ഥൻ തുക മുൻകൂറായി കൈപ്പറ്റി 1000/ രൂപയിൽ അധികരിച്ചുള്ള ചെലവ് തുക പണമായി നല്കിയിട്ടുണ്ട്.

ബി) Fab tech എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാധനങ്ങളും (28560/-) City Shoes എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളും (9780)സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

സി) കബഡി, വോളിബോൾ, ക്രിക്കറ്റ് എന്നീ ഇനങ്ങൾക്ക് പരിശീലനം നല്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.

ഡി) ഓരോ ഇനത്തിലും ബ്ലോക്ക് തലത്തിലേക്ക് സെലക്ഷൻ ലഭിച്ച ടീമംഗങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഇ) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട്, തുക മുൻകൂറായി ലഭിച്ചതിന്റെ ചെക്ക് നമ്പർ ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/18.03. 20) മറുപടി ഹാജരാക്കിയിട്ടില്ല. അതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 99650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-37 ഭൂമി വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ എന്ന പദ്ധതിയ്ക്കായി (SO133/19 സ്പിൽ ഓവർ) ബിൽ നമ്പർ 133/26.5.18 പ്രകാരം 150000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/19.03.20) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതാണ്.

# 1-38 പാലിയേറ്റീവ് പ്രവർത്തനങ്ങൾ - മാർഗരേഖ പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/2018-19 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 903400<br>(വികസന ഫണ്ട്) |
| ചെലവ് | 861860 |

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള മാർഗരേഖ സ.ഉ(സാധാ)നം 3217/2015/ തസ്വഭവ 29.10.2015 പ്രകാരം ചുവടെ ചേർത്തിട്ടുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| ഖണ്ഡിക 2.3.2 | പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്.പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. |

| | |
|---|---|
| | പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് അനുബന്ധം 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന – അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ദ്വൈമാസ യോഗത്തിൽ വച്ച് രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്. |
| 2.4.2 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. |
| 2.5.1 | പരിചരണം നൽകേണ്ടതായ രോഗികളെ പി.എം.സി യുടെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത് അവരുടെ വിശദാംശം അനുബന്ധം 1 ൽ കൊടുത്ത മാതൃകയിലുള്ള "നോമിനൽ രജിസ്റ്റർ" ൽ രേഖപ്പെടുത്തേണ്ടതാണ്. |
| 2.5.7 | തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ നിർദ്ദേശിക്കപ്പെട്ട രീതിയിലുള്ള "പേഷ്യന്റ്സ് സ്റ്റാറ്റസിൽ" രേഖപ്പെടുത്തേണ്ടതാണ്. |
| 2.5.8 | നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളിൽ ഗൃഹപരിചരണം നൽകേണ്ട രോഗികളുടെ വിവരങ്ങൾ അനുബന്ധം 2 ൽ കൊടുത്ത മാതൃകയിലുള്ള " ഫോളോ അപ്പ് ഹോം കെയർ രജിസ്റ്റർ" രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |
| 2.6.2(7) | എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു " ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളുടെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്. |
| 2.6.3(5) | ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിലും രോഗിക്കൾക്ക് ലഭ്യമാക്കിയ സേവനങ്ങളും മറ്റ് വിവരങ്ങളും " ഹോം കെയർ റിപ്പോർട്ട് ബുക്കിലും " ഹോംകെയർ ചുമതലയുള്ള നെഴ്സ് രേഖപ്പെടുത്തേണ്ടതാണ്. |
| 2.6.15 | പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ / തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്. |
| 2.7.5 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്. |
| 2.8.4 | പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനു വേണ്ടി ഒരു വർഷത്തേക്കുള്ള കരാർ വ്യവസ്ഥയിലായിരിക്കണം (200 രൂപ മുദ്രപത്രത്തിൽ, അനുബന്ധം 5 പ്രകാരം) പാലിയേറ്റീവ് കെയർ നെഴ്സുമാരെ നിയോഗിക്കേണ്ടത്. |
| 2.11.1 | മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് |

| | |
|---|---|
| | പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 11/12-03-2020) മറുപടി ലഭ്യമാക്കിയില്ല.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനത്തിൽ സർക്കാർ മാർഗരേഖ പാലിക്കേണ്ടതും, പ്രവർത്തനങ്ങൾ ഭരണ സമിതി വിലയിരുത്തേണ്ടതുമാണ്.

## 1-39 ഹോംകോയ്ക്ക നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/18-19 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 250000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 250000/- |
| ബിൽ നമ്പർ | 03/12.11.2018 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ആയുർവേദം |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് കൈമാറിയ പണത്തിന് മരുന്ന് ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/16-03-2020) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മരുന്ന് വാങ്ങുന്നതിനായി നൽകിയ 250000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 കായിക പരിശീലനം- പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/18-19 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം |
| അടങ്കൽ | 50000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 50000/- |
| ബിൽ നമ്പർ | 11/ 22-03-2019 |
| നിർവ്വഹണം | എച്ച്.എം. |

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് ഒരു കായിക അദ്ധ്യാപകനെ നിയമിച്ച് പരിശീലനം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചിട്ടുണ്ട്. കായിക അദ്ധ്യാപകനെ നിയമിക്കുന്നതിന് പകരം

കേരള സ്പോർട്സിൽ നിന്ന് 50000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. സ്പോർട്സ് ഉപകരണങ്ങളുടെ കൂട്ടത്തിൽ ക്യാരം ബോർഡുകളും വാങ്ങിയിട്ടുണ്ട്. ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നമ്പർ20/16-03-2020) മറുപടി ലഭ്യമാക്കിയില്ല. കേരള സ്പോർട്സിൽ നിന്ന് 50000/- രൂപക്ക് ഉപകരണങ്ങൾ വാങ്ങിയത് ക്വട്ടേഷൻ വിളിച്ചല്ല. സ.ഉ.(പി) നം.03/2013/എസ്.പി.ഡി. തീയതി 21-06-2016 ലെ ഖണ്ഡിക 7.6 പ്രകാരം 15000/- രൂപയ്ക്ക് മുകളിൽ 100000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായാണ് വാങ്ങൽ നടപടി നടത്തിയത്. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

# 1-41 എസ്. എസ്. എ. പ്രോജക്ട് വിലയിരുത്തൽ നടത്തിയിട്ടില്ല.

എസ്.എസ്.എ വിഹിതം നൽകുന്നതിനായി എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകൾ നടപ്പാക്കി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 94/18-19 |
| പ്രോജക്ടിന്റെ പേര് | എസ്. എസ്. എ വിഹിതം ഒടുക്കൽ |
| അടങ്കൽ | 1000000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 1000000/- |
| ബിൽ നമ്പർ | 102/09-07-2018 |

| | |
|---|---|
| പ്രോജക്ട് നമ്പർ | 89/18-19 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം ഒടുക്കൽ |
| അടങ്കൽ | 1300000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1300000/- |
| ബിൽ നമ്പർ | 01/31-07-2018 |

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളുടേയും കുട്ടികളുടെയും എണ്ണം താഴെക്കൊടുക്കുന്നു.

| | |
|---|---|
| സ്കൂളുകളുടെ എണ്ണം | ഗവൺമെന്റ് - 04<br>എയിഡഡ് - 01 |
| കുട്ടികളുടെഎണ്ണം | ജനറൽ - 108<br>പട്ടികജാതി - 46 |

i) എസ്.എസ്.എ പ്രവർത്തനങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി വിലയിരുത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം 20/16-03-2020)മറുപടി ലഭ്യമാക്കിയില്ല.

ii) ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് എസ്.എസ്.എ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

iii) 2018-19 സാമ്പത്തിക വർഷം പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ചേർന്നിട്ടുള്ള വിശദാംശം ലഭ്യമാക്കിയില്ല.

iv) എസ്.എസ്.എ വിഹിതം ജനറൽ വിഭാഗത്തിനായി 108 കുട്ടികൾക്ക് 1300000/-ലക്ഷം രൂപയും എസ്.സി വിഭാഗത്തിനായി 46 കുട്ടികൾക്ക് 1000000/- രൂപയും നൽകിയതിന്റെ അനുപാതം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കിയില്ല.

എസ്.എസ്.എ ഗ്രാമപഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനവും, പഞ്ചായത്ത് വിദ്യാഭ്യാസ കമ്മിറ്റി പ്രവർത്തനവും വിലയിരുത്താൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-42 വെഞ്ഞാറമൂട് യു.പി.എസിന് 3 ഫേസ് വൈദ്യുതി കണക്ഷൻ - സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/18-19 |
| പ്രോജക്ടിന്റെ പേര് | വെഞ്ഞാറമൂട് യു.പി.എസിന് 3 ഫേസ് വൈദ്യുതി കണക്ഷൻ |
| അടങ്കൽ | 290000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 290000/- |
| ബിൽ നമ്പർ | 10/ 15-03-2019 |
| നിർവ്വഹണം | എച്ച്.എം |

വെഞ്ഞാറമൂട് യു.പി.എസിന് 3 ഫേസ് വൈദ്യുതി കണക്ഷൻ എന്ന പ്രവൃത്തി നേരിട്ട് നിർവഹണം നടത്തുകയായിരുന്നു. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയതിലും ഇലക്ട്രിക് പ്രവൃത്തി നടത്തിയതിനും സ.ഉ.(പി) നം.03/2013/ എസ്.പി.ഡി.തീയതി 21-06-2016 ലെ ഖണ്ഡിക 7.6 പാലിച്ചിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സബ് വൗച്ചർ | നൽകിയ | ബിൽ തീയതി |
|---|---|---|---|---|

| | | നമ്പർ | തുക | |
|---|---|---|---|---|
| 1 | യു.കെ.ഇലക്ട്രിക്കൽസ്,തിരുവനന്തപുരം | 1 | 27000 | 30.10.2018 |
| 2 | രാജീവം ഇലക്ട്രിക്കൽസ്, കിളിമാനൂർ റോഡ് | 2 | 71054 | 3.11.2018 |
| 3 | ഇലക്ട്രിക്കൽ വർക്ക് സന്തോഷ് കുമാർ. എം | 3 | 53000 | 25.11.2018 |
| 4 | യു.കെ.ഇലക്ട്രിക്കൽസ് തിരുവനന്തപുരം | 11 | 15419 | 20.12.2018 |
| 5 | രാജീവം ഇലക്ട്രിക്കൽസ് കിളിമാനൂർ റോഡ് | 12 | 45496 | 11-01-2019 |
| 6 | രാജീവം ഇലക്ട്രിക്കൽസ് കിളിമാനൂർ റോഡ് | - | 53364 | 18.01.2019 |
| | | ആകെ | 265333 | |

ഇതിനു പുറമേ സാധനങ്ങൾ എത്തിച്ച വകയിൽ താഴെ പറയും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

1. ഇലക്ട്രിക് സാധനങ്ങൾ വാങ്ങാൻ തിരുവനന്തപുരത്ത് പോയ ചെലവ് - 800/- (30.10.2018)

2. യു.കെ.ഇലക്ട്രിക്കൽസ് തിരുവനന്തപുരത്ത് നിന്നും സാധനങ്ങൾ എത്തിച്ച വകയിൽ ചെലവ് - 1200 (30.10.2018)(സബ് വൗച്ചർ 5)

3. ഇലക്ട്രിഫിക്കേഷനാവശ്യമായ സാധനങ്ങൾ 3 ദിവസം സ്കൂളിൽ എത്തിച്ച ഇനത്തിലെ വാഹനത്തിന്റെ ചെലവ് - 900(300*3) (സബ് വൗച്ചർ 7)

കൂടാതെ പ്രോജക്ടിൽ ഉൾപ്പെടാത്ത മറ്റ് പ്രവൃത്തികൾക്കും പണം അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| SL No | Items | Unit | Qty | Rate | Total |
|---|---|---|---|---|---|
| 1 | VENDING MACHINE FITTINGS(NAPKIN DISTROYER) 2*2.5 Wire 1.5 sqmm Earth wire through 20 mm medium pipe laying to ladies toilet including 16A socket with switch | 35 meter | 1 | 200 | 7000 |
| 2 | 2*1.5sq mm wire + 1.5 sqmm Earth through 20 mm medium pipe laying through two computer classes including 10+6A socket with switch | 25 meter | 25 | 150 | 3750 |
| 3 | Electrical Maintance fan Light, Socket etc. | | | 4000 | 4000 |
| | TOTAL | | | | 14750 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/16.03.2020) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ മേൽനോട്ടം സംബന്ധിച്ച സ.ഉ(ആർ.ടി) നമ്പർ 2878/2015/ത.സ്വ.ഭ.വ തീയതി 22.09.2015 അനുസരിച്ചല്ല പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 2,65,333/- രൂപയും, പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് നടത്തിയ 14750/-രൂപയും ചേർത്ത് ആകെ 280083/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**2-1 -**

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**3-1 -**

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.7.2019മുതൽ 26.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1459/2019, തീയതി 26.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ഏലാ ജലസേചന സൗകര്യം | 500000 | 0 |
| | | 400000 | ക്ഷീര സമൃദ്ധി | 400000 | 0 |
| | | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 46080 | കിണർ റീചാർജ് | 46080 | 0 |
| | | 16000 | കിണർ റീചാർജ് | 16000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്.സി.പി) | | |
| | | 102034 | നെൽകൃഷി വികസനം | 102034 | 0 |
| | | 7500 | ജൈവസമൃദ്ധി | 0 | 7500 |
| | | 571503 | ലൈഫ് ജനറൽ | 571503 | 0 |
| | | 374112 | ലൈഫ് എസ്.സി.പി. | 374112 | 0 |
| ആകെ | | 2380604 | | 2373104 | 7500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 84000 | ഹരിതഭവനം | 0 | 84000 |
| | | 180000 | ക്ഷീരസമൃദ്ധി | 180000 | 0 |
| | | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 69120 | കിണർ റീചാർജ് | 69120 | 0 |
| | | 24000 | കിണർ റീചാർജ് എസ്.സി.പി | 24000 | 0 |
| | | 76823 | നെൽകൃഷി വികസനം | 76823 | 0 |
| | | 7500 | ജൈവസമൃദ്ധി | 0 | 7500 |
| | | 772842 | ലൈഫ് | 772842 | 0 |
| | | 1005843 | ലൈഫ് എസ്.സി.പി | 1005843 | 0 |
| ആകെ | | 2583503 | | 2492003 | 91500 |

| | 17-18 B4 പ്രകാരം നീക്കിയിരിപ്പ് | 18-19 RP 31 പ്രകാരം വരവ് | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | ബാക്കി | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 2583503 | 2583503 | 2492003 | 91500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1963375 | 2380604 | 4343979 | 2373104 | 1970875 | 1963375 |

വ്യത്യാസത്തിനുള്ള കാരണം ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ | 275000 | 275000 | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് ഷിഫ്റ്റിംഗ് | 33596 | 0 | 33596 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയും പ്രകാരമാണ്.

| ഏജൻസി | കേരള വാട്ടർ അതോറിറ്റി | കേരള ഇലക്ട്രിസിറ്റി ബോർഡ് |
|---|---|---|
| 17-18 B-18 പ്രകാരം നീക്കിയിരിപ്പ് | 4300000 | 0 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 275000 | 33596 |
| ആകെ | 4575000 | 33596 |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 4300000 | 0 |

വ്യത്യാസത്തിനുള്ള കാരണം ഖണ്ഡിക 1-11ൽ പ്രതിപാദിച്ചിട്ടുണ്ട്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13895700/-രൂപ വരവുണ്ട്. പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരി ച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ.(എം.എസ്)100/2018 തീയതി 30.07.2018 | 13895700 | - | - | - | 13895700 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| റോഡ് പ്രവൃത്തികൾ - പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 3.2.5 | റോഡ് വികസനം | സ.ഉ.(സാധാ) നമ്പർ 165/2010/തസ്വഭവ തീയതി പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| | 2011-12 3.2.10 | ആസ്തി രജിസ്റ്റർ പരിപാലനം | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 118653782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | |

| | | |
|---|---|---|
| [illegible] | : | 106473475 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3716670 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 61590 | ശ്രീ. ജ്യോതിസ്.വി., സെക്രട്ടറി |
| 1-22 | 2525347 | ശ്രീ. ചന്ദ്രബാബു.എസ്.എസ്., സെക്രട്ടറി |
| 1-31 | 300000 | ശ്രീ. സജുകുമാർ.വി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 99650 | ശ്രീ. സജുകുമാർ.വി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 150000 | ശ്രീ. സജുകുമാർ.വി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-39 | 250000 | ഡോ.സ്മിത.എൻ., മെഡിക്കൽ ഓഫീസർ - ആയുർവേദം |
| 1-40 | 50000 | ശ്രീമതി നിർമലദേവി.എസ്., എച്ച്.എം- ഗവ.എൽ.പി.എസ്. |
| 1-42 | 280083 | ശ്രീമതി നിർമലദേവി.എസ്., എച്ച്.എം- ഗവ.എൽ.പി.എസ്. |
| ആകെ | 3716670 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|
| ശ്രീ.ജ്യോതിസ്.വി., സെക്രട്ടറി | ലഭ്യമല്ല | സെക്രട്ടറി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് |
| ശ്രീ.ചന്ദ്രബാബു.എസ്.എസ്., സെക്രട്ടറി | പാറവിള വീട്, വെഞ്ഞാറമൂട് (പി.ഒ.) | ലഭ്യമല്ല |
| ശ്രീ.സജ്ജുകുമാർ.വി.എസ്., അസിസ്റ്റന്റ് സെക്രട്ടറി | എസ്.വി.നിവാസ്, വെഞ്ഞാറമൂട് | അസിസ്റ്റന്റ് സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത് |
| ഡോ.സ്മിത.എൻ., മെഡിക്കൽ ഓഫീസർ - ആയുർവേദം | കെയ്റോസ്, മേരാ നഗർ -166 ടി.സി. -24/1648(1) തൈക്കാട്, തിരുവനന്തപുരം - 695014 | മെഡിക്കൽ ഓഫീസർ - ആയുർവേദം, നെല്ലനാട് ഗ്രാമ പഞ്ചായത്ത് |
| ശ്രീമതി നിർമലദേവി.എസ്., എച്ച്.എം.- ഗവ.എൽ.പി.എസ്. | മംഗലത്തുവിളവീട്, പൊയ്കമുക്ക് | എച്ച്.എം.- ഗവ.എൽ.പി.എസ്. -പൂവണത്തുംമൂട്, നെല്ലനാട് ഗ്രാമ പഞ്ചായത്ത് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1255/2018 തീയതി 14.06.2018 | 3 |
| 2009-10 | | 1 |
| 2010-11 | | 7 |
| 2011-12 | എൽ.എഫ്.റ്റിഡി. ജിപി 10/629/14 തീയതി 22.04.2015 | 18 |
| 2012-13 | എൽ.എഫ്.റ്റിഡി. ജിപി 10/692/15 | 19 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1373/2016 തീയതി 01.08.2016 | 17 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2233/2016 | 9 |

| | | |
|---|---|---|
| | തീയതി 09.02.2018 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജിപി 10/19/2017 തീയതി 19.10.2017 | 22 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019 | 26 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# . അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്